## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4361 **27/06/2013- ൽ മറുപടിയ്ക്ക്**

<u>കരിപ്പൂർ കേന്ദ്രമാക്കി വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യം</u>

| **ചോദ്യം**<br>ശ്രീ. കെ.എൻ.എ.ഖാദർ | | **ഉത്തരം**<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|---|
| (എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ വില്ലേജ് വിഭജിച്ച് വിമാനത്താവളവും മറ്റും സ്ഥിതിചെയ്യുന്ന കരിപ്പൂർ കേന്ദ്രമാക്കി പുതിയ ഒരു വില്ലേജ് രൂപീകരിക്കണമെന്ന ജനങ്ങളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഉണ്ട്. താലൂക്ക് വില്ലേജ് പുന:സംഘടന സംബന്ധിച്ച് സർക്കാർ റവന്യൂ വകുപ്പും, ലാന്റ് റവന്യൂ കമ്മീഷണറേറ്റും സംയുക്തമായി തയ്യാറാക്കിയ പഠന റിപ്പോർട്ടിൽ മലപ്പുറം ജില്ലയിലെ തിരുരങ്ങാടി താലൂക്കിലെ പള്ളിക്കൽ വില്ലേജ് വിഭജിച്ച് കരിപ്പൂർ ആസ്ഥാനമാക്കി പുതിയ വില്ലേജ് രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (സി) പുതിയ വില്ലേജുകൾ രൂപീകരിക്കുവാൻ സംസ്ഥാനത്ത് ഇതുവരെ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;<br><br>(ഡി) ഭൂമിശാസ്ത്രപരമായിഅസൗകര്യവും ജനസംഖ്യയും കണക്കിലെടുത്ത് ആണോ ഇത്തരം പുതിയ വില്ലേജുകൾ രൂപീകരിക്കുന്നത്;<br><br>(ഇ) ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വിശദീകരിക്കുമോ? | (സി), (ഡി) & (ഇ) | ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയത്തിന്റെ ഭാഗമായി ഇപ്പോൾ വില്ലേജ് ഓഫീസുകൾ നിലവിലില്ലാത്ത 30 പഞ്ചായത്തുകൾ ഉണ്ടെന്ന് കണ്ടെത്തുകയും അവിടെ പുതിയ വില്ലേജ് ഓഫീസുകൾ ആരംഭിക്കുവാൻ ഉത്തരവും പുറപ്പെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള വിജ്ഞാപനവും/തിരുത്തൽ വിജ്ഞാപനവും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ